# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

## നാണയശേഖരണം ജൂൺ 17, 2018

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ക്രിസ്തീയ ബോധന ശുശ്രൂഷയിൽ പങ്കു ചേരുന്ന ഏവരെയും ഓർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ക്രിസ്തീയ ബോധന ശുശ്രൂഷ രൂപാന്തരത്തിന്റെ ശുശ്രൂഷയാണ്. ഈ ശുശ്രൂഷയിൽ വിശ്വസ്തരായി തുടർന്നും പ്രവർത്തിക്കുവാൻ ദൈവം ഏവരേയും സഹായിക്കട്ടെ.

**നാണയശേഖരണം ജൂൺ 17, 2018**

മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ വർഷത്തെ നാണയശേഖരണം 2018 ജൂൺ 17-ാം തീയതി ഞായറാഴ്ചയാണ്. സമാജത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾക്കു വേണ്ടി ശേഖരിക്കപ്പെടുന്ന വിഭവമാണ് നാണയശേഖരണം. ദൈവം തന്നിട്ടുള്ള വിഭവങ്ങളിൽ നിന്നും നന്ദിയോടും സ്തോത്രത്തോടും നമുക്ക് അർപ്പിക്കാം. കുട്ടികളും അദ്ധ്യാപകരും ഉത്സാഹപൂർവ്വം ഇതിൽ പങ്കുചേരണം. ശീലങ്ങളാണ് സ്വഭാവമായി രൂപപ്പെടുന്നത്. ആയതിനാൽ കർത്താവിനുവേണ്ടിയും കർത്തവ്യവേലയ്ക്കുവേണ്ടിയും നൽകുന്നതിനുള്ള ശീലം നമുക്ക് ഈ ശുശ്രൂഷയിലൂടെ കുഞ്ഞുങ്ങളിൽ വളർത്താം. ഓരോ കുട്ടിയും 5/- രൂപായിൽ കുറയാത്ത തുക നൽക്കേണ്ടതാണ്. ഈ ഇനത്തിൽ ലഭിക്കുന്ന മുഴുവൻ തുകയും വാർഷിക സ്റ്റേറ്റ്മെന്റ് ഫോറത്തോടൊപ്പം സമാജം ആഫീസിൽ അടയ്ക്കേണ്ടതാണ്. പ്രസ്തുത ഇനത്തിൽ ഈ വർഷം പ്രതീക്ഷിക്കുന്ന ആകെ തുക 7,00,000 രൂപയാണ്.

**സ്റ്റേറ്റ്മെന്റ് ഫോറം**

**2018 ജൂൺ 16 മുതൽ സെന്റർ ചുമതലക്കാരിലൂടെ കേരളത്തിലും, ഇ-മെയിൽ മുഖേന മറ്റ് ഇടങ്ങളിലും സ്റ്റേറ്റ്മെന്റ് ഫോറം എത്തിക്കുന്നതാണ്.** പരീക്ഷകളുടെ ചോദ്യക്കടലാസുകൾ തക്കസമയത്ത് എത്തിക്കണമെങ്കിൽ, **പൂരിപ്പിച്ച ഫോമുകൾ 2018 ജൂലൈ 30-ാം തീയതിക്കകം സമാജം ഓഫീസിൽ ലഭിക്കേണ്ടതാണ്. പരീക്ഷയ്ക്ക് പങ്കെടുക്കുവാൻ കുട്ടികൾ ഇല്ലാത്ത സൺഡേസ്കൂളുകളും സ്ഥിതി വിവരങ്ങൾ ഉൾക്കൊള്ളുന്ന ആദ്യ പേജ് നിർബന്ധമായും ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.** ഓരോ സൺഡേസ്കൂളുകളുടെയും സ്ഥിതിവിവരം ശേഖരിച്ചുവയ്ക്കുന്നവയായതിനാൽ കൃത്യതയോടെ അവ പൂരിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

1. സമാജത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സണ്ടേസ്കൂളുകളിലേയും മുഴുവൻ കുട്ടികളുടേയും സ്ഥിതിവിവരം ശേഖരിക്കുന്നതിന്റെ ഭാഗമായി **നേഴ്സറി, ശിശുവകുപ്പ്, ബാലവകുപ്പ് ക്ലാസുകളിലെ കുട്ടികളുടെയും, കുമാരവകുപ്പ് ഒന്നാം വർഷം** പഠിക്കുന്ന കുട്ടികളുടെയും വിവരങ്ങൾ സ്റ്റേറ്റ്മെന്റ് ഫോറത്തിനോപ്പം നൽകുന്ന പ്രത്യേക ഫോറത്തിൽ പൂരിപ്പിച്ച് **2018 ജൂലൈ 30-ാം** തീയതിക്കകം സമാജം ഓഫീസിൽ നൽകേണ്ടതാണ്.

2. കുമാരവകുപ്പ് രണ്ടാം വർഷം പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും, അദ്ധ്യാപ പരീക്ഷ എഴുതുന്നവരുടേയും വിവരങ്ങൾ എഴുതി സമാജത്തിലേക്ക് അയയ്ക്കുന്നതിനുള്ള ഫോറം അയച്ചു തരുന്നതാണ്. അവ പൂരിപ്പിച്ച് അയയ്ക്കണം.

3. 2018ൽ ബിരുദ് പരീക്ഷയ്ക്ക് അർഹതയുള്ള മദ്ധ്യവകുപ്പ്, ജേഷ്ഠവകുപ്പ്, യുവവകുപ്പ് രണ്ടാം വർഷ വിദ്യാർത്ഥികളുടെ പേർ വിവരങ്ങൾ സമാജത്തിൽ നിന്നും അയച്ച് തരുന്നതാണ്. അവ പരിശോധിച്ച് പുതിയ പേരുകൾ ചേർത്തും, ഒഴിവാക്കേണ്ട പേരുകൾ ഒഴിവാക്കിയും ലിസ്റ്റ് തിരികെ സ്റ്റേറ്റ്മെന്റ് ഫോറത്തിനോടൊപ്പം ആഫീസിൽ എത്തിക്കേണ്ടതാണ്.

4. സർട്ടിഫിക്കറ്റിനുള്ള അപേക്ഷാഫാറം സ്റ്റേറ്റ്മെന്റ് സഹിതം നൽകേണ്ടതില്ല. ബിരുദ് പരീക്ഷാ മാർക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതായിരിക്കും.

(മറുപുറം)

5. സ്റ്റേറ്റ്മെന്റ് ഫോറം നിശ്ചിത സമയത്തിനുള്ളിൽ സൺഡേസ്കൂളുകളിൽ ലഭിക്കാതെ വന്നാൽ എത്രയും വേഗം ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. സ്റ്റേറ്റ്മെന്റ് ഫോറം ലഭിച്ചാലുടൻ പൂരിപ്പിക്കത്തകവിധം കുട്ടികളുടെ സ്ഥിതിവിവരങ്ങൾ മുൻക്കൂട്ടി ശേഖരിച്ച് വയ്ക്കേണ്ടതാണ്. **കഴിഞ്ഞ വർഷം നൽകിയ നിർദ്ദേശമനുസരിച്ച് ചില സണ്ടേസ്കൂളുകൾ E-mail ID ക്രമീകരിച്ചതിൽ അഭിനന്ദിക്കുന്നു. മറ്റ് സണ്ടേസ്കൂളുകൾ ഈ വർഷം തന്നെ അവ ക്രമീകരിച്ച് ഇതിൽ സഹകരിക്കണം.**

## E-mail ID

സമാജത്തിന്റെ പുതിയ **E-mail ID: mtsamajam@gmail.com** എന്നതാണ്. ഇതിൽ ഇ–മെയിലുകൾ അയയ്ക്കാൻ ശ്രദ്ധിക്കണമെ.

### വി.ബി.എസ്. ദാനാർപ്പണം

വി.ബി.എസ്സിന്റെ നടത്തിപ്പിനുവേണ്ടി സമാജം വലിയ ഒരു തുക ചെലവാക്കുന്നുണ്ട്. വി. ബി.എസ്. ലീഡേഴ്സിനെ പരിശീലിപ്പിക്കുന്ന ക്യാമ്പുകളുടെ ചെലവ്, കുറഞ്ഞ വിലയിൽ വി.ബി. എസ്. സാമഗ്രികളുടെ വിതരണത്തിന്റെ ചെലവുകൾ ഇവ സമാജം നേരിട്ടു വഹിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇടവകകൾക്കും, മിഷൻഫീൽഡുകൾക്കും വി.ബി.എസ്. സാമഗ്രികൾ സബ്സിഡി ഇനത്തിൽ നൽകുകയും ചെയ്യുന്നു. ആയതിനാൽ നിങ്ങളുടെ സാമ്പത്തിക സഹായം സമാജത്തിനു ആവശ്യമാണ്. 2018 വി.ബി.എസിൽ ലഭിച്ച ദാനാർപ്പണം ഇതുവരേയും സമാജം ഓഫീസിൽ അടച്ചിട്ടില്ലാത്തവർ കഴിയുന്നതും വേഗം തുക അടച്ച് സമാജം പ്രവർത്തനങ്ങളിൽ പങ്കാളിയാവണം. തുടർന്നും ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

സമാജത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരുന്ന ബഹുമാനപ്പെട്ട അച്ചന്മാർ, സമാജം പ്രവർത്തകർ, അദ്ധ്യാപകർ, സുവിശേഷകർ, മാതാപിതാക്കൾ, കുഞ്ഞുങ്ങൾ ഏവരോടും നന്ദി അറിയിക്കുന്നു. ഈ ശുശ്രൂഷയിൽ വീണ്ടും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

സ്നേഹത്തോടെ,

കുഞ്ഞുങ്ങളുടെ ശുശ്രൂഷയിൽ

തിരുവല്ല

**റവ. നൈനു ചാണ്ടി**

14-05-2018

ജനറൽ സെക്രട്ടറി